**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4757** **11-08-2021 - ൽ മറുപടിയ്ക്ക്**

**തീരദേശപരിപാലന നിയമ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തീരദേശപരിപാലന നിയമം ലംഘിച്ച് വാണിജ്യാവശ്യങ്ങൾക്കായി നിർമ്മിച്ച കെട്ടിടങ്ങൾ എത്രയുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത കെട്ടിടങ്ങളുടെ കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ? | (എ) | തീരദേശ പരിപാലന നിയമം ലംഘിച്ച് സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുവാനായി ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ നഗരാസൂത്രകൻ കൺവീനറായും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറി, ബന്ധപ്പെട്ട തീരദേശ വില്ലേജിലെ വില്ലേജ് ഓഫീസർ, ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം എന്നിവർ അംഗങ്ങളായുള്ള തീരദേശ ജില്ലാ കമ്മിറ്റികൾ 10 തീരദേശ ജില്ലകളിൽ രൂപീകരിച്ചിരുന്നു. തീരദേശ ജില്ലാ കമ്മിറ്റികൾ റിപ്പോർട്ട് ചെയ്ത കേസുകൾ യഥാർത്ഥ തീരദേശ പരിപാലന നിയമ ലംഘനങ്ങളാണോ എന്നത് നിർണ്ണയിക്കുന്നതിന് ഫീൽഡ് പരിശോധന/ഉപഗ്രഹ ചിത്രങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്ഥല പരിശോധന തുടങ്ങിയവ നടത്തേണ്ടതുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയായിട്ടില്ല. അവ പൂർത്തീകരിച്ച ശേഷം മാത്രമെ ഇത്തരം കെട്ടിടങ്ങൾ എത്രയെന്ന കൃത്യമായ കണക്കുകൾ ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ